# അഭിപ്രായം പറയാൻ ഭയമില്ല: ജ. കെമാൽപാഷ

**തൃശൂർ**

സർവീസിലിരുന്നപ്പോഴെന്ന പോലെ വിരമിച്ച ശേഷവും തന്റെ കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും തുറന്നു പറയാൻ ഭയമില്ലെന്ന് ജസ്റ്റിസ് കെമാൽപാഷ. ന്യായാധിപന്മാരടക്കം പലരും അപ്രിയ സത്യങ്ങൾ തുറന്നു പറയാറില്ല. എന്നാൽ താൻ മുമ്പു പറഞ്ഞിട്ടുള്ള പോലെ പോലെ തുടർന്നും പറയാനുള്ളതു പറഞ്ഞുകൊണ്ടിരിക്കും. ഇത്രകാലം ജീവിച്ചുകൊള്ളാമെന്ന് ആർക്കും വാക്കു കൊടുത്തിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. കൈരളി ടിവി ന്യൂസ് ക്യാമറാമാൻ പി പി സലീം രചിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'ന്യൂസ് ക്യാമറക്കു പിന്നിൽ' പുസ്തകത്തിന്റെ പ്രകാശനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.




പി പി സലീം രചിച്ച 'ന്യൂസ് ക്യാമറക്കു പിന്നിൽ' പുസ്തകത്തിന്റെ പ്രകാശനം ജ. കെമാൽഫാഷ ഡോ. കെ പി മോഹനന് നൽകി നിർവഹിക്കുന്നു

ജനാധിപത്യ പ്രക്രിയയെ ശക്തിപ്പെടുത്തുന്നത് മാധ്യമങ്ങളാണ്. എഴുത്തിന്റെ ശക്തി വളരെ വലുതാണ്. അതിന് വായിക്കാൻ അറിയണം. ചിത്രങ്ങൾ കണ്ണുള്ളവർക്ക് മുഴുവൻ കാണാനാവും. മാധ്യമങ്ങളിൽ വന്ന പല ചിത്രങ്ങളും ഒരിക്കൽ കണ്ടാൽ ജീവിതം മുഴുവൻ മനസ്സിൽ തറക്കുന്നതാണ്. ഗുജറാത്ത് കലാപകാലത്ത് അക്രമികളുടെ മുന്നിൽ ജീവനുവേണ്ടി കൈകൂപ്പി നിൽക്കുന്ന അൻസാരി, മോഷ്ടാവെന്നു പറഞ്ഞ് കെട്ടിയിട്ട് തല്ലിക്കൊന്ന ആദിവാസി മധു, വിയറ്റ്നാമിൽ ബോബ് വർഷിച്ചപ്പോൾ ദേഹമാകെ പൊള്ളി ഓടുന്ന കിംഫുക്ക് എന്ന കുട്ടി തുടങ്ങി നിരവധി ചിത്രങ്ങൾ അക്കൂട്ടത്തിലുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേരള സാഹിത്യ അക്കാദമി സെക്രട്ടറി ഡോ. കെ പി മോഹനൻ പുസ്തകം ഏറ്റുവാങ്ങി. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി കാർത്തികേയൻ നായർ അധ്യക്ഷനായി. തൃശൂർ റേഞ്ച് ഐജി എം ആർ അജിത് കുമാർ മുഖ്യപ്രഭാഷണം നടത്തി. അഗസ്റ്റിൻ കുട്ടനെല്ലൂർ പുസ്തകം പരിചയപ്പെടുത്തി. മാധ്യമപ്രവർത്തകരായ സന്തോഷ് ജോൺ തൂവൽ, മിനി മുരിങ്ങാത്തേരി, ഫോട്ടോഗ്രാഫർ ശശികുമാർ പാറക്കുത്ത് എന്നിവർ സംസാരിച്ചു. പി പി സലീം മറുപടി പറഞ്ഞു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് ഓഫീസർ രമ്യ കെ ജയപാൽ സ്വാഗതം പറഞ്ഞു.